# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2407

18.12.2012-ൽ
മറുപടിക്ക്.

## കെൽടെക് ബ്രഹ്മോസ് എയറോസ്പേസിന് കൈമാറിയത് സംബന്ധിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക് | ശ്രീ . പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) കെൽടെക് രൂപീകരിച്ചത് ഏത് വർഷമാണ്; കെൽടെകിന്റെ രൂപീകരണ ഉദ്ദേശ്യം എന്തായിരുന്നു ; | (എ) കേരളാ ഹൈടെക് ഇൻഡസ്ട്രീസ് ലിമിറ്റഡ് (KELTEC) 1956 ലെ കമ്പനീസ് ആക്ട് പ്രകാരം 1989 ജൂൺ പത്തൊൻപതാം തീയതിയാണ് രൂപീകരിച്ചത്. വ്യവസായ വാണിജ്യ, സാങ്കേതിക, ശാസ്ത്ര ഗവേഷണ രംഗങ്ങളിലെ ഹൈ ടെക്നോളജിക്കുതകുന്ന വിധമുള്ള സിസ്റ്റംസ്, പ്രോഡക്റ്റ് കംപോണന്റ്സ്, ഉപകരണങ്ങൾ, അപ്ലയൻസുകൾ, പ്ലാന്റുകൾ, യന്ത്രഭാഗങ്ങളും സ്പെയർസും എന്നിവ സംബന്ധിച്ച ഗവേഷണം, രൂപകല്പന, വികസനം, ഉല്പാദനം, ക്രയവിക്രയം, കയറ്റുമതി, ഇറക്കുമതി കൂടാതെ പ്രതിരോധ മന്ത്രാലയത്തിനു കീഴിലുള്ള ISRO, DRDO എന്നീ സ്ഥാപനങ്ങൾക്ക് മികച്ച സാങ്കേതികത്വത്തോടും, കൃത്യമായ ഗുണമേന്മയോടും കൂടി എൻജിനിയറിംഗ് ഉത്പന്നങ്ങൾ നൽകുക എന്നിവയായിരുന്നു KELTEC ന്റെ പ്രധാന ഉദ്ദേശ്യം. 1990 ഫെബ്രുവരിയിൽ 1300 ലക്ഷം രൂപയുടെ അടച്ച് തീർത്ത സർക്കാർ മൂലധനത്തോടു കൂടിയ പൊതുമേഖലസ്ഥാപനമായി KELTEC പ്രമോട്ടു ചെയ്യപ്പെട്ടു. ഇതിന്റെ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉത്പാദനം 1994 ഏപ്രിൽ 1 മുതൽ ആരംഭിച്ചു. |

| | |
|---|---|
| (ബി)ബ്രഹ്മോസ് എയറോസ്പേസിന് കൈമാറുന്നതു വരെ, രൂപീകരണ കാലംതൊട്ട് കെൽടെകിനുണ്ടായ പ്രതി വർഷ ലാഭം/നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി). അനുബന്ധം-I-ൽ ലാഭ നഷ്ടത്തിന്റെ വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്. |
| (സി)കെൽടെകിന്റെ കൈവശം എത്ര ഏക്കർ ഭൂമി ഉണ്ടായിരുന്നു; | (സി) 15.80 ഏക്കർ ഭൂമി. |
| (ഡി)കെൽടെക്, ബ്രഹ്മോസ് എയറോസ്പേസ് ലിമിറ്റഡിന് കൈമാറിയതിലൂടെ സംസ്ഥാന സർക്കാരിന് സാമ്പത്തിക ലാഭം ഉണ്ടായിട്ടുണ്ടോ; | (ഡി) ഇല്ല. |
| (ഇ) സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും തമ്മിൽ ഇത് സംബന്ധിച്ച് ധാരണാപത്രമോ കരാറോ ഒപ്പ് വച്ചിട്ടുണ്ടോ; | (ഇ)05.12.2007 ൽ കേരളാ ഗവൺമെന്റും ബ്രഹ്മോസ് എയറോസ്പേസ് പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ കരാർ ഒപ്പിട്ടിട്ടുണ്ട്. |
| (എഫ്) കെൽടെക്, ബ്രഹ്മോസ് എയറോസ്പേസിന് കൈമാറുമ്പോൾ കെൽടെകിൽ ഏതെല്ലാം അംഗീകൃത ട്രേഡ് യൂണിയനുകളാണ് ഉണ്ടായിരുന്നത്; | (എഫ്) KELTEC എംപ്ലോയീസ് യൂണിയൻ (CITU)<br>KELTEC സ്റ്റാഫ് കോൺഗ്രസ്സ് (INTUC)<br>KELTEC സ്റ്റാഫ് അസോസിയേഷൻ (STU)<br>KELTEC എംപ്ലോയീസ് കോൺഗ്രസ്സ് (INTUC(I)) |
| (ജി) പ്രസ്തുത ട്രേഡ് യൂണിയനുകൾ കെൽടെക്, കൈമാറ്റ സമയത്ത് അധികൃതർക്ക് രേഖാമൂലം ഏതെങ്കിലും ഉറപ്പുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ജി) കെൽടെക്, കൈമാറിയ സമയത്ത് ഉണ്ടായിരുന്ന യൂണിയനുകൾ എല്ലാം തന്നെ അവയുടെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതായി രേഖാമൂലം ബോധിപ്പിച്ചിട്ടുണ്ട്. കൂടാതെ ഇത് സംബന്ധിച്ച ഉടമ്പടിയിൽ ഒപ്പ് വച്ചിട്ടുമുണ്ട്. പ്രസ്തുത രേഖകളുടെ പകർപ്പുകൾ അനുബന്ധം II ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്. |

(എച്ച്) ബ്രഹ്മോസ് എയറോസ്പേസ് ലിമിറ്റഡിന്റെ കൈവശം സംസ്ഥാന സർക്കാർ വിട്ടു കൊടുത്ത എത്ര ഏക്കർ സ്ഥലമുണ്ട്?

(എച്ച്) 15.80 ഏക്കർ ഭൂമി.

(ഐ) ഇപ്പോൾ ബ്രഹ്മോസിൽ നടക്കുന്ന വികസന പദ്ധതികൾ സംബന്ധിച്ച എന്തെങ്കിലും വിവരങ്ങൾ സംസ്ഥാന സർക്കാരിന് അറിയാമോ; എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഐ) സംസ്ഥാന സർക്കാരിന് ബ്രഹ്മോസിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളെകുറിച്ച് അറിവുണ്ട്.

(ജെ) ബ്രഹ്മോസ് എയറോസ്പേസ് ലിമിറ്റഡിന് സംസ്ഥാന സർക്കാർ ഇനി എന്തെങ്കിലും കാര്യങ്ങൾ ചെയ്ത് കൊടുക്കാനുണ്ടോ; എങ്കിൽ അതെന്താണെന്ന് വിശദമാക്കുമോ?

(ജെ) സംസ്ഥാന സർക്കാർ ബ്രഹ്മോസിന്റെ വികസനത്തിനായി അധികമായി IAF ന്റെ 7.15 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. ഇത് കൈമാറുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**